# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -57 28.06.2016 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## ചെറായി എ.കെ.ജി വായനശാല തീവച്ച് നശിപ്പിച്ച സംഭവം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ചെറായി എ.കെ.ജി വായനശാലയും, തൊട്ടടുത്ത കടമുറികളും, തീവച്ച് നശിപ്പിച്ച സംഭവം സംബന്ധിച്ച് അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ; | (എ) | മുനമ്പം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം. 985/2015 എന്ന കേസ് ക്രൈംബ്രാഞ്ച് ഏറ്റെടുത്ത് Cr.No.09/Cr/OCW/2016 ആയി റീ നമ്പർ ചെയ്ത് 20.02.2016 മുതൽ അന്വേഷണം നടത്തി വരുന്നു. |
| (ബി) | ഏത് ഏജൻസിയെയാണ് അന്വേഷണത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും, ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരെന്നും വ്യക്തമാക്കാമോ; | (ബി) | 20/02/16 തീയതി മുതൽ ക്രൈംബ്രാഞ്ചിന്റെ OCW-II എറണാകുളം സബ്ബ് യൂണിറ്റ് ഡിറ്റക്റ്റീവ് ഇൻസ്പെക്ടർ ശ്രീ.റ്റി.എം.വർഗീസാണ് കേസിന്റെ അന്വേഷണം നടത്തി വരുന്നത്. |
| (സി | ഈ സംഭവത്തിൽ ഉൾപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | നിലവിൽ ആരേയും അറസ്റ്റ് ചെയ്തിട്ടില്ല. |
| (ഡി) | നാശനഷ്ടം സംഭവിച്ചവർക്ക് സർക്കാർ ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കാമോ? | (ഡി) | നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടില്ല. നിലവിലുള്ള നിയമപ്രകാരം വാസഗൃഹങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത ചെറുകിട കച്ചവട സ്ഥാപനങ്ങൾക്കും തീ പിടുത്തത്തിൽ നഷ്ടമുണ്ടായാലാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10,000/- രൂപ ധനസഹായം നൽകുന്നത്. മനഃപൂർവ്വം തീ വച്ച് നശിപ്പിക്കുന്ന സാഹചര്യങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നഷ്ടപരിഹാരം ലഭ്യമാക്കാനാവില്ല. |

സെക്ഷൻ ഓഫീസർ